## പ്രത്യേക ശ്രദ്ധയ്ക്ക്

1. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ പോളിടെക്നിക്കുകളിലെ മുഴുവൻ സീറ്റുകളിലേക്കും എയ്ഡഡ് പോളിടെക്നിക്കുകളിലെ 85% സീറ്റുകളിലേക്കും സ്വാശ്രയ പോളിടെക്നിക്കുകളിലെ 50% സീറ്റുകളിലേക്കും IHRD സ്വാശ്രയ പോളിടെക്നിക്കുകളിലെ മുഴുവൻ സീറ്റുകളിലേക്കും പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലൂടെ നിശ്ചിത തിയ്യതിക്കുള്ളിൽ ഓൺ ലൈനായി അപേക്ഷിക്കേണ്ടതും, അപേക്ഷാ ഫീസ് ഓൺലൈനായി തന്നെ അടക്കേണ്ടതും ആണ്. അപേക്ഷയുടെ പകർപ്പോ അപേക്ഷാ ഫീസോ ഓൺലൈനായി അല്ലാതെ മറ്റൊരിടത്തും നൽകേണ്ടതില്ല.

2. www.polyadmission.org എന്ന വെബ് സൈറ്റ് വഴിയാണ് ഓൺലൈനായി അപേക്ഷിക്കേണ്ടത്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ മൊബൈൽ OTP വെരിഫിക്കേഷനു ശേഷം അപേക്ഷാഫീസ് അടക്കുവാനുള്ള ലിങ്ക് ലഭിക്കുന്നതാണ്. അപ്രകാരം ഫീസ് അടക്കാൻ സാധിക്കാത്തവർക്ക് പിന്നീട് www.polyadmission.org എന്ന വെബ്സൈറ്റിലെ ഹോം പേജിലെ Modify Diploma Application എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ വീണ്ടും ഓപ്പൺ ചെയ്യാവുന്നതും ഏറ്റവും അവസാനത്തെ പേജിൽ എത്തുമ്പോൾ ഫീസ് അടക്കാവുന്ന ലിങ്ക് വീണ്ടും ലഭിക്കുന്നതുമാണ്. ഫീസ് അടച്ചതിനു ശേഷം മാത്രമേ അപേക്ഷയുടെ പ്രിന്റ് എടുക്കുവാൻ സാധിക്കുകയുള്ളു.

3. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുക.

   i. അപേക്ഷയിൽ രജിസ്റ്റർ ചെയ്യുന്ന മൊബൈൽ നമ്പർ അപേക്ഷകന്റേതായിരിക്കണം. അപേക്ഷകന് മൊബൈൽ നമ്പർ ഇല്ലായെങ്കിൽ മതാപിതാക്കളുടേതോ അടുത്ത ബന്ധുക്കളുടേതോ ആയിരിക്കണം. പ്രവേശനം സംബന്ധിച്ച അറിയിപ്പുകൾ രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിലേക്കാണ് അയക്കുന്നത്. ആയതിനാൽ സ്ഥിരമായി ഉപയോഗിക്കുന്ന മൊബൈൽ നമ്പറാണ് രജിസ്റ്റർ ചെയ്യേണ്ടത്. **കമ്പ്യൂട്ടർ സെന്റർ അക്ഷയ സെന്റർ മുതലായ സ്ഥാപനങ്ങളുടെ**

**മൊബൈൽ നമ്പർ ദയവായി നൽകരുത്. കമ്പ്യൂട്ടർ / അക്ഷയ സെൻ്ററുകൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക.**

ii. സംവരണത്തിനോ മറ്റ് അനുകൂല്യങ്ങൾക്കോ അർഹതയുള്ളവർ അർഹത സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഓഫീസിൽ നിന്നും ലഭ്യമാക്കിയതിനു ശേഷം അപേക്ഷ പൂരിപ്പിക്കുന്നത് അപേക്ഷയിൽ തെറ്റായ വിവരങ്ങൾ നൽകുന്നത് ഒഴിവാക്കാൻ സഹായിക്കും. ഒറിജിനൽ സർട്ടിഫിക്കറ്റുകൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതുമാണ്.

4. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ ഒരു പകർപ്പ് (ഫീസ് ഓൺലൈനായി അടച്ചതിനു ശേഷമുള്ള) അപേക്ഷകൻ സൂക്ഷിക്കേണ്ടതാണ്.

5. ഒരു അപേക്ഷകൻ പ്രവേശനത്തിനായി സംസ്ഥാന തലത്തിൽ ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതിയാകും.

6. എസ്.സി./ എസ്.റ്റി/ ഒ.ഇ.സി എന്നീ വിഭാഗങ്ങൾ ഒഴികെയുള്ളവർ വരുമാനത്തിൻ്റെ അടിസ്ഥാനത്തിലുള്ള ഫീസാനുകൂല്യം/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.